മനഃശാസ്ത്ര സമീപനം, മദ്യത്തിന്റെയും ലഹരിമരുന്നുകളുടെയും ഉപയോഗത്തിലൂടെ സ്ത്രീകളും കുട്ടികളും അനുഭവിക്കുന്ന സാമൂഹിക പ്രശ്നങ്ങൾ, പൊതുസമൂഹത്തിൽ സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ എന്നീ വിഷയങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ളതാണ്.

6. അബ്കാരി മയക്കുമരുന്ന് കുറ്റകൃത്യങ്ങളെ സംബന്ധിച്ച് രഹസ്യവിവരം ശേഖരിക്കുന്നതുമായി ബന്ധപ്പെട്ട് എക്സൈസ് വകുപ്പിലെ ഇന്റലിജൻസ് വിഭാഗത്തിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥർക്ക് വിദഗ്ധ അറിവ് ലഭിക്കുന്നതിനായി നടത്തുവാൻ ഉദ്ദേശിക്കുന്ന പരിശീലന പരിപാടിയിൽ ജനറൽ ഇന്റലിജൻസ് കളക്ഷൻ, ഡവലപ്പ്മെന്റ് ഓഫ് റിലയബിൾ സോഴ്സ് ഓഫ് ഇന്റലിജൻസ്, ഇന്ററോഗേഷൻ ഓഫ് സസ്പെക്ടസ്, സീക്രട്ട് എൻക്വയറി തുടങ്ങിയ വിഷയങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

**എക്സൈസ് - ക്രൈംബ്രാഞ്ച് വിഭാഗം ആരംഭിക്കാൻ നടപടി**

75 (1779) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എക്സൈസ്-ക്രൈംബാഞ്ച് വിഭാഗം ആരംഭിക്കുമെന്ന തീരുമാനം ഇതുവരെ നടപ്പിലാക്കാത്തതിനുള്ള കാരണം വിശദമാക്കുമോ ;

(ബി) ക്രൈംബ്രാഞ്ച് വിഭാഗം ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിൽ ഉണ്ടോ ; എങ്കിൽ അതിന്റെ ഘടന വിശദമാക്കുമോ ;

(സി) പ്രസ്തുത വിഭാഗം എന്ന് മുതൽ ആരംഭിക്കുമെന്ന് അറിയിക്കുമോ ?

ഉത്തരം

(എ-സി) എക്സൈസ് വകുപ്പിൽ ക്രൈംബ്രാഞ്ച് വിഭാഗം രൂപീകരിക്കണമെന്ന ശിപാർശ സർക്കാർ പരിശോധിച്ച് വരുന്നു. അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

**ബിവറേജസ് ഔട്ട്ലെറ്റുകളിലെ ജീവനക്കാരുടെ അപര്യാപ്തത**

76 (1780) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ എത്ര ബിവറേജസ് ഔട്ട്ലെറ്റുകൾ പ്രവർത്തിക്കുന്നുണ്ട് ; ഇവിടങ്ങളിൽ എത്ര തസ്തികകളാണ് ആകെയുള്ളത് ; നിലവിൽ എത്ര ജീവനക്കാരാണ് ഓരോ തസ്തികയിലും ഉള്ളത് ; ഇനി എത്ര ജീവനക്കാർകൂടി ഓരോ തസ്തികയിലും ആവശ്യമുണ്ട് ;

(ബി) ജീവനക്കാരുടെ കുറവുമൂലം നിലവിലുള്ള ജീവനക്കാർ വളരെയധികം കഷ്ടപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് പരിഹരിക്കാൻ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly